# File No.LSGD-EPA2/127/2015-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - വെള്ളനാട് ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി. ശശികല. ബി യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1671/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/09/2020

പരാമർശം:- 1 സ.ഉ(പി) നം. 501/2005/ധന തീയതി 25.11.2005

2 ബഹു. കേരള ഹൈക്കോടതിയുടെ 07.03.2019 ലെ WP(C) 12041/2015 നമ്പർ വിധിന്യായം

3 പഞ്ചായത്ത് ഡയറക്ടറുടെ ലെ 14.07.2019 ലെ PAN/7321/2019-E5(DP) നമ്പർ കത്ത്.

**ഉത്തരവ്**

വെള്ളനാട് ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി. ശശികല. ബി ടിയാളുടെ നിയമനം ക്രമവൽക്കരിക്കുന്നതിനായി ഫയൽ ചെയ്തിരുന്ന WP(C) 12041/2015 ഹർജിയിൽ ബഹു. ഹൈക്കോടതി പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ വിധിന്യായത്തിൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു-

"............ In the above view of the matter, I am of the opinion that the claim raised by the petitioner for regularization of service and for creation of post against which she is to be regularized is liable to be considered, in accordance with the Government orders in force. In view of the fact that the matter has been pending for a long time, the petitioner's application will be considered, taking note of Ext.P3 sweeping area statement issued by the Assistant Engineer, LSGD as valid for a proper consideration. Any further details or clarifications as required by the Government shall be provided by the Panchyath. Orders shall be passed by the first respondent on the request made by the petitioner for creation of post and for regularization of service and payment of due wages in accordance with the Government orders in force, within a period of three months from the date of receipt of a copy of this judgment. The writ petition is ordered accordingly."

വെള്ളനാട് ഗ്രാമപഞ്ചായത്തിൽ നിലവിൽ 2 പാർട്ട് ടൈം സ്വീപ്പർ തസ്തിക ഉള്ളതായും പ്രസ്തുത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയ ജീവനക്കാർ ജോലി ചെയ്തു വരുന്നതായും വെള്ളനാട് ഗ്രാമപഞ്ചായത്തിലെ മാർക്കറ്റും പരിസരവും വൃത്തിയാക്കുന്നതിനാണ് വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 24/02/1996 ലെ 4-ാം നമ്പർ തീരുമാനപ്രകാരം ശ്രീമതി. ശശികലയെ നിയമിച്ചതെന്നും ടി സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ വെള്ളനാട് ഗ്രാമപഞ്ചായത്തിൽ പുതിയതായി തസ്തിക സൃഷ്ടിക്കാനുള്ള സാഹചര്യമില്ലെന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും വെള്ളനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഉത്തരവ തീയതിയിൽ 100 ച.മീ. മുകളിൽ സ്വീപ്പിങ് ഏര്യ ഉള്ള സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ജോലി നോക്കി വരുന്ന താൽക്കാലിക സ്വീപ്പർമാർ മാത്രമാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. ടി ഉത്തരവ് പ്രകാരം വെള്ളനാട് ഗ്രാമപഞ്ചായത്തിൽ നിലവിൽ 2 പാർട്ട് ടൈം സ്വീപ്പർമാർ എംപ്ലായമെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായിട്ടുണ്ട്. മാർക്കറ്റിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വേണ്ടി മാർക്കറ്റ് സ്വീപ്പറായി നിയോഗിക്കപ്പെട്ട ശ്രീമതി. ശശികലയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് ടി ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. കൂടാതെ ടി ഉത്തരവ് പ്രകാരം 100 ച. മീ മുതൽ 800 ച.മീ വിസ്തിതിക്ക് ഒരു പി.റ്റി.എസ് തസ്തികയാണ് അനുവദനീയമെന്നതിനാൽ ടി ഉത്തരവ ഗ്രാമപഞ്ചായത്തുകളിലെ മാർക്കറ്റ് സ്വീപ്പർമാർക്ക് ബാധകമാക്കിയാൽ ഒരു മാർക്കറ്റ് ഏരിയയിൽത്തന്നെ നിരവധി പി.റ്റി.എസ് തസ്തികകൾ അനുവദിക്കേണ്ട സാഹചര്യവും ഉണ്ടാകും. പ്രസ്തുത സാഹചര്യങ്ങളിൽ ശ്രീമതി. ശശികലയെ വെള്ളനാട് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ സാധിക്കുകയില്ല.

മേൽ സാഹചര്യത്തിൽ വെള്ളനാട് ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി. ശശികല. ബി യെ പ്രസ്തുത ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1 ) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

ശ്രീമതി. ശശികല. ബി, സ്വീപ്പർ, വെള്ളനാട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല (വെള്ളനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന).

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല.

സെക്രട്ടറി, വെള്ളനാട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(DEV-1/249/2019-FIN തീയതി 06.11.2019 പ്രകാരം).

ഡയറക്ടർ, ഐ.കെ.എം. (സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ& പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/127/2015-LSGD) / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Dannyell

സെക്ഷൻ ഓഫീസർ

46